# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 28**

---

## സ്കൂൾ ഓഫ് ലെറ്റേഴ്സിൽ സ്കൂൾ വിദ്യാർഥികൾക്കായി ഇംഗ്ലീഷ് പരിശീലനം

എട്ടാം ക്ലാസ് മുതൽ പ്ലസ് ടൂ വരെയുള്ള വിദ്യാർഥികളുടെ ഇംഗ്ലീഷ് ഭാഷാ മികവ് വർധിപ്പിക്കാൻ എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് പ്രത്യേക പരിശിലീന പരിപാടി സംഘടിപ്പിക്കുന്നു. മെയ് 13 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒന്നു വരെയാണ് ക്ലാസ്.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം. ഫീസ് 1500 രൂപ. മെയ് ഏഴുവരെ രജിസ്റ്റർ ചെയ്യാം. ഇംഗ്ലീഷിൽ സംസാരിക്കാനുള്ള കഴിവ് വർധിപ്പിക്കുന്നുതിനും വ്യാകരണവും പദസമ്പത്തും മെച്ചപ്പെടുത്തുന്നതിനും പരിശീലന പരിപാടി സാഹായകരമാകുമെന്ന് സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. സജി മാത്യു പറഞ്ഞു. ഗെയിമുകൾ, ആകർഷകമായ പഠന പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയാണ് ക്ലാസുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

പരിശീലനം പൂർത്തിയാക്കുന്നവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകും. https://tinyurl.com/27tc3bme എന്ന ലിങ്കിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ഇമെയിൽ:summerschoolofletters2025@gmail.com
(പി.ആർ.ഒ/39/1515/2025)

## ഉപന്യാസ മത്സരം

മഹാത്മാഗാന്ധി സർവകലാശാലയിലെ കൊറിയ സെൻറർ, ദക്ഷിണ കൊറിയയിലെ യൂണികൊറിയ ഫൗണ്ടേഷനുമായി സഹകരിച്ച് സ്കൂൾ വിദ്യാർഥികൾക്കായി ഉപന്യാസ രചനാ മത്സരം നടത്തുന്നു. സ്കൂൾ, കോളജ് തലങ്ങളിൽ പ്രത്യേകമായി നടത്തുന്ന മത്സരത്തിൻറെ വിശദാംശങ്ങൾ www.koreacentre.org എന്ന വെബ് സൈറ്റിൽ ലഭിക്കും. ഇമെയിൽ kcmgu.essay@gmail.com
(പി.ആർ.ഒ/39/1516/2025)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി മോളിക്കുലാർ ബയോളജി ആൻറ് ജെനറ്റിക് എൻജിനീയറിംഗ്(2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് 12 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം.
(പി.ആർ.ഒ/39/1517/2025)

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ സിബിസിഎസ്(പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മാർച്ച് 2025) ബിഎ മദ്ദളം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് എട്ടിന് തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/1518/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**